# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത | 12-10-2011-ൽ മറുപടി
**ചോദ്യം നമ്പർ : 2826.** | **നൽകേണ്ടിയിരുന്നത്**

## ഡി.പി.സി. കെട്ടിടനിർമ്മാണത്തിന് അനുമതി

| ചോദ്യം.<br>ശ്രീ. ബി. സത്യൻ: | | ഉത്തരം.<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്ക് വേണ്ടി ഒരു ബഹുനിലകെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുകയും അതിനായി കുടപ്പനക്കുന്നിൽ കെട്ടിട നിർമ്മാണത്തിന് തറക്കല്ലിടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സെന്റ് സ്ഥലം ഇതിനായി നീക്കി വച്ചിട്ടുണ്ട്; കെട്ടിട നിർമ്മാണത്തിന് എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നത്; | (എ) | ഉണ്ട്. 50 സെന്റ് സ്ഥലം ഇതിനായി നീക്കി വച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് 6 കോടി രൂപയാണ്. ഇതിൽ 1.50 കോടി രൂപ അധിക കേന്ദ്ര സഹായവും ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതവുമാണ്. |
| (ബി) | പ്രസ്തുത സ്ഥിതി നിലനിൽക്കേ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് ഡി.പി.സി.ക്ക് കെട്ടിടം നിർമ്മിക്കാൻ സർക്കാരോ പ്ലാനിംഗ് ബോർഡോ അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ അനുമതി നൽകിയ തീയതിയും ജി.ഒ. നമ്പരും വ്യക്തമാക്കാമോ; എന്തു തുകയാണ് ഇതിന് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | 1996 - 2001 കാലയളവിൽ അന്നത്തെ സർക്കാർ ജില്ലാ പഞ്ചായത്തിന് സ്ഥലം അനുവദിച്ചപ്പോൾ ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് മാത്രം പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തണമെന്ന വ്യക്തമായ തീരുമാന പ്രകാരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ